## മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലിത്താ ഡോ.ജോസഫ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ: 371

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്തുപട്ടക്കാരും, പള്ളികൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്*

കർത്താവിൽ പ്രീയരെ,

2020 ജൂൺ മാസം 8–ാം തീയതി മുതൽ സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന ലോക്ഡൗൺ സംബന്ധമായ പുതിയ ഇളവുകൾ, നിലവിലുള്ള ഇളവുകളെ കൂടുതൽ കർക്കശമാക്കുന്നതാണെന്നു ബോധ്യമായിരിക്കുന്നതിനാൽ പുതുതായി പ്രഖ്യാപിച്ചിരിക്കുന്ന ഇളവുകളോടുകൂടി ആരാധന നടത്തുന്നതിനുള്ള പ്രായോഗിക വൈഷമ്യം കണക്കാക്കി, സാഹചര്യങ്ങൾ മാറി ഇനിയൊരു അറിയിപ്പുണ്ടാകുന്നതുവരെ പള്ളികൾ തിരക്കിട്ടു തുറന്ന് ഉപയോഗിക്കേണ്ടതില്ല എന്നുള്ളതാണ് നമ്മുടെ വീക്ഷണം. വിശിഷ്യ 65 വയസ്സിനുമേൽ പ്രായമുള്ളവരെയും 10 വയസ്സിനു താഴെയുള്ള കഞ്ഞുങ്ങളെയും കൂടെ ഉൾക്കൊള്ളുന്നതാണ് സഭയുടെ പൊതു ആരാധന. അവരെ മാറ്റി നിർത്തിക്കൊണ്ടുള്ള ആരാധന അഭിലഷണീയമാണെന്നു കരുതുന്നില്ല. അവരെ കൂടെ ഉൾപ്പെടുത്താവുന്ന ഒരു ആരാധന മാത്രമാണ് സഭ വിവക്ഷിക്കുന്നത്. അവരെക്കൂടി ഉൾപ്പെടുത്തി സാമൂഹിക അകലം പാലിച്ചു കൊണ്ട് ആരാധന ക്രമീകരിക്കുന്നതിന് അനുവാദം ലഭിക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. അതുവരെയും നിലവിലിരിക്കുന്ന രീതിയിൽ ഓൺലൈൻ ആരാധന വെള്ളിയാഴ്ചകളിൽ ഭദ്രാസന അരമന ചാപ്പലുകളിൽ നിന്നും ഞായറാഴ്ചകളിൽ തിരുവല്ല പൂലാത്തീൻ ചാപ്പലിൽ നിന്നും സംപ്രേഷണം ചെയ്യുന്നതായിരിക്കും. ആയതിന് ഓരോ ഭവനങ്ങളിലുമുള്ളവർ പ്രാർത്ഥനയ്ക്കായി ഒരു മുറി ക്രമീകരിച്ച് ടെലിവിഷൻ/ കമ്പ്യൂട്ടർ/ മൊബൈൽ ഫോൺ ഉപയോഗിച്ച് പള്ളിയിൽ ആരാധനയിൽ സംബന്ധിക്കുന്ന രീതിയിൽ തന്നെ ഭവ്യതയോടെ ഓൺലൈൻ ആരാധനയിൽ പങ്കുചേരാവുന്നതാണ് എന്ന് അനുസ്മരിപ്പിക്കട്ടെ.

ശവസംസ്ക്കാരം, വിശുദ്ധ വിവാഹം, വിശുദ്ധ മാമ്മോദിസാ ശുശ്രൂഷകൾ നിലവിലിരിക്കുന്ന രീതിയിൽ പരിമിതികളോടുകൂടി കഴിഞ്ഞ മാസങ്ങളിൽ നടത്തിയതുപോലെ നടത്താവുന്നതാണ്.

ഇടവകകളുടെ സന്ധാരണം ഓൺലൈൻ ആയി ഇടവക ട്രസ്റ്റുകളിൽ ഏല്പിക്കുന്നത് ഇടവകകളുടെ അനുദിന ചെലവുകൾ നിർവ്വഹിക്കുന്നതിന് സഹായകരമായിരിക്കും. നമ്മുടെ സഭയിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ യാതൊരു വിധമായ തുകകളും ഇടവകകളുടെ അനുദിന ചെലവുകൾക്കു വേണ്ടി കടം എടുക്കുന്നതിനോ പങ്കുവയ്ക്കുന്നതിനോ സംഭാവനയായി എടുക്കുന്നതിനോ അനുവാദമില്ല. ആയത് സൊസൈറ്റി നിയമങ്ങൾക്കും മറ്റും വിരുദ്ധമാണെന്നുള്ളത് എവർക്കു അറിവുള്ളതാണല്ലോ. ആകയാൽ ഇടവകകളുടെയും സഭയുടെ ഓഫീസുകളുടെയും ദൈനംദിന ചെലവുകൾക്ക് വിശ്വാസ സമൂഹത്തിന്റെ സഹകരണം പ്രതീക്ഷിക്കുന്നു. ഇപ്പോഴത്തെ സാഹചര്യം ആഗസ്റ്റ് മാസത്തോടെയെങ്കിലും തരണം ചെയ്യുവാൻ കഴിയും എന്ന് നമുക്ക് പ്രതീക്ഷിക്കാം. ഇക്കാര്യത്തിൽ സഭാംഗങ്ങളുടെ ഹൃദ്യമായ സഹകരണം പ്രതീക്ഷിക്കുന്നു. ഇതര ചെലവുകൾ നിർവ്വഹിക്കുന്നതിനുള്ള പണം earmark ചെയ്തിട്ടുള്ളത് ഉണ്ടെങ്കിൽ അതിന് ചെലവാക്കാം. നമ്മുടെ സഭ എൻഡോവ്മെന്റുകളിൽ നിന്നോ മറ്റു നിക്ഷേപങ്ങളിൽ നിന്നോ വരുന്ന വരുമാനം കൊണ്ടല്ല ഇടവകയുടെ ദൈനംദിന ചെലവുകൾ നിർവ്വഹിക്കുന്നത് എന്നത് ഏവർക്കും അറിവുള്ളതാണല്ലോ.

വിശ്വാസ സമൂഹം സർക്കാരിന്റെ നിർദ്ദേശങ്ങൾ അക്ഷരംപ്രതി പാലിച്ച് ഉത്തമ പൗരബോധ ത്തോടെ പ്രാവർത്തികമാക്കേണ്ടതാണ്. ഓരോരുത്തരും അപരന്റെ സൗഖ്യത്തിനാണ് മുൻഗണന കൊടുക്കേണ്ടത്. എങ്കിൽ മാത്രമേ അവരവർക്കുള്ള സൗഖ്യം ലഭ്യമാകുക യുള്ളു. ഇതര സംസ്ഥാനങ്ങളിൽ നിന്നും വിദേശ രാജ്യങ്ങളിൽ നിന്നും വരുന്ന നമ്മുടെ സഹോദരങ്ങളെ കരുതേണ്ടതിന് വിശ്വാസ സമൂഹം മുൻഗണന നൽകണമെന്ന് കർത്തൃ നാമത്തിൽ ഉദ്ബോധിപ്പിക്കുന്നു.

കോവിഡ് മൂലം നിര്യാതരായ പ്രിയപ്പെട്ടവരുടെ വേർപാടിൽ ദു:ഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായും സമാധാനത്തിനായും ഈ മഹാവ്യാധിക്ക് എത്രയും വേഗം ശമനം ഉണ്ടാകുന്നതിനായും നമുക്ക് പ്രാർത്ഥിക്കാം.

ചികിത്സയ്ക്കും പ്രതിരോധ പ്രവർത്തനങ്ങൾക്കും നേതൃത്വവും സഹകരണവും നൽകുന്ന എല്ലാവരെയും ദൈവം ശക്തീകരിക്കട്ടെ.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ല പൂലാത്തീനിൽ നിന്നും 2020 ജൂൺ മാസം 8–ാം തീയതി,

**ഡോ.ജോസഫ് മാർത്തോമ്മാ മെത്രാപ്പോലിത്താ**